(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ നിർവ്വാഹമില്ല

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന തടയാൻ നടപടി

103 (2654) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് വിൽപ്പനയ്ക്കായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറി, മാംസം മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ അനുവദനീയമായതിനേക്കാൾ കൂടിയ അളവിൽ വിഷവസ്തുക്കളും കീടനാശിനികളും അടങ്ങിയിട്ടുണ്ടെന്നതും ആയത് ഗുരുതരമായ കാൻസർ, കിഡ്നി രോഗങ്ങൾ മുതലായവയ്ക്ക് കാരണമാകുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നുംകൊണ്ട് വരുന്ന മാരകമായ അളവിൽ വിഷം കലർന്ന ഭക്ഷ്യവസ്തുക്കൾ ചെക്ക് പോസ്റ്റുകളിൽ നിന്ന് തന്നെ മടക്കി അയയ്ക്കുന്നതിനും ആയവയുടെ വിൽപ്പന സംസ്ഥാനത്ത് കർശനമായി തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇവയുടെ വിൽപ്പന തടയുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പച്ചക്കറിയിലും പഴങ്ങളിലുമുള്ള കീടനാശിനിയുടെ അളവ് പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് നിലവിൽ ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധനാഫലം ലഭ്യമാകുന്നതിന് കുറഞ്ഞത് അഞ്ച് മുതൽ ഏഴ് വരെ ദിവസമെങ്കിലും കാലതാമസം നേരിടുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ ലഭ്യമല്ല ആയതുകൊണ്ടുതന്നെ സംസ്ഥാനത്ത് വിറ്റഴിക്കുന്നതും സംസ്ഥാനത്തിനു പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളും പഴങ്ങളും ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ നേരത്തെ പരാമർശിച്ച അതേയും

LIBRARY ARCHIVES Kerala Legislative Assembly

കാലം തന്നെ വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ സൂക്ഷിക്കുന്നത് പ്രായോഗിക മല്ലാത്തതും കൂടാതെ ടി പച്ചക്കറികളും പഴങ്ങളും മുഴുവനായി തന്നെ കേടുവരുവാൻ സാദ്ധ്യതയുമുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്തുള്ള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറിയിൽ മാത്രമാണ് കീടനാശിനികളുടെ പരിശോധന നടക്കുന്നത്. ആയതുകൊണ്ടുതന്നെ മറ്റ് ജില്ലകളിൽ നിന്നും സാമ്പിളുകൾ ഇവിടെ എത്തിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ വിപണികളിൽ നിന്ന് പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിച്ച്, നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ ഉൽപ്പന്നങ്ങൾ, വിൽപ്പനയോ വിതരണമോ ഉൽപ്പാദനമോ നടത്തുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ വേണ്ട കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ പ്രാബല്യത്തിലുള്ള 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ ഇത്തരത്തിലുള്ള വിപണനം നടത്തുന്നത് തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്തിന്റെ പദ്ധതികൾ

104 (2655) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത്, മാനസിക രോഗികൾക്കും ബുദ്ധിവികാസ പ്രശ്നമുള്ള കുട്ടികൾക്കുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ജില്ലാ മാനസികാരോഗ്യ പദ്ധതി, സാമൂഹ്യ മാനസികാരോഗ്യ പദ്ധതി, ചൈൽഡ് ഡവലപ്മെൻറ് സർവ്വീസ്, കമ്മ്യൂണിറ്റി ഡവലെപ്മെൻറ് ഡിസെബിലിറ്റി പ്രോഗ്രാം എന്നീ പദ്ധതികൾക്ക് കീഴിൽ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കിവരുന്നത് ? ഈ പദ്ധതിയുടെ പ്രയോജനം മൊത്തം എത്രപേർക്ക് ഇപ്പോൾ ലഭിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ? ഇതിനായി കഴിഞ്ഞ നാലുവർഷത്തിനിടയിൽ എത്ര വീതം ഫണ്ട് അനുവദിച്ച നൽകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly